"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - 22.01.2024 ന് കൂടിയ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.69 തീരുമാനം - വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ ഓണാഘോഷവുമായി ബന്ധപ്പെട്ട് സാംസ്കാരികോത്സവം സംഘടിപ്പിച്ച നടപടിയ്ക്ക് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഡി) വകുപ്പ്**

സ.ഉ.(സാധാ) നം.408/2024/LSGD തീയതി,തിരുവനന്തപുരം, 19-02-2024

---

പരാമർശം:- 22.01.2024 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോർഡിനേഷന് കമ്മിറ്റിയുടെ 4.69 നമ്പർ തീരുമാനം.

**<u>ഉത്തരവ്</u>**

ഓണാഘോഷത്തോടനുബന്ധിച്ച് വല്ലച്ചിറ ഗ്രാമപഞ്ചായത്തിൽ വിവിധ ക്ലബുകളുടെയും മറ്റും സഹകരണത്തോടെ സാംസ്കാരികോത്സവം നടത്തുന്നതിനു വേണ്ടി താഴെ കൊടുത്തിരിക്കുന്ന പ്രോജക്ട്, വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരുന്നു. ഈ വർഷവും തുടർന്നുള്ള വർഷവും ഇതേ രീതിയിൽ പ്രോജക്ട് നടപ്പാക്കാൻ അനുമതി നൽകണമെന്നതാണ് ആവശ്യം.

| **പ്രോ.നം. 49/24** | **അടങ്കൽ** | **1,50,000/- രൂപ** |
|---|---|---|
| | വികസനഫണ്ട് ജനറൽ | 50,000/- രൂപ |
| | തനത് ഫണ്ട് | 1,00,000/- രൂപ |
| പേര് | ഓണാഘോഷ സാംസ്കാരികോത്സവം | |

2. പ്രസ്തുത ആവശ്യം പരിഗണിച്ച കോർഡിനേഷൻ കമ്മിറ്റിയുടെ പരാമർശം തീരുമാന പ്രകാരം, ഈ വർഷം പ്രോജക്ട് നടപ്പാക്കിയതിന് വല്ലച്ചിറ ഗ്രാമപഞ്ചായത്തിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു. വരും വർഷങ്ങളിലും ഈ പരിപാടി നടപ്പാക്കുന്നത് സംബന്ധിച്ച വിഷയം പിന്നീട് പരിഗണിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.408/2024/LSGD

മിലൻ എലിസബേത്ത് ജോർജ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, തൃശ്ശൂർ
പ്രസിഡന്റ്/സെക്രട്ടറി, വല്ലച്ചിറ ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
വെബ് & ന്യൂ മീഡിയ (ഐ &പിആർഡി)
സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signed by
Nisam N
Date: 19-02-2024 16:18:35
സെക്ഷൻ ഓഫീസർ

പകർപ്പ് : ബഹു.മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയിക്ക്
ബഹു.തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്